**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2246** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇരുമ്പിളിയം - എടയൂർ - വളാഞ്ചേരി കുടിവെള്ളപദ്ധതി 3 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ്-1 - നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണ ശാല, പമ്പിങ് മെയിനുകൾ, ടാങ്കുകൾ, എന്നിവയുടെ നിർമ്മാണവും വിവിധപ്രവൃത്തികളും പുരോഗമിച്ചുവരുന്നു. പാക്കേജ് 1 ന്റെ 47% പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. പാക്കേജ്-2 - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ പൈപ്പുകൾ ഭാഗികമായി വിതരണം ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പാക്കേജ്-3 - 05-05-2021ന് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഉത്തരവ് നൽകുകയും, പമ്പ് സെറ്റുകളും ട്രാൻസ്ഫോമറുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്ത് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | 2022 മെയ് 31 നകം പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ